LIBRARY ARCHIVES Kerala Legislative Assembly

തൃപ്രയാർ ശ്രീരാമ ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ കോഴ്സ് അനുവദിക്കുന്നതു സംബന്ധിച്ച്

92 (4721) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ തൃപ്രയാർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ ബ്രാഞ്ച് അനുവദിക്കുന്നതു സംബന്ധിച്ച് രേഖാമൂലമുള്ള ആവശ്യം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിലെ പോളിടെക്നിക്കുകളിലൊന്നുമില്ലാത്ത ഓട്ടോ മൊബൈൽ ബ്രാഞ്ച് ശ്രീരാമ പോളിയിൽ അനുവദിക്കുന്നതിന്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച നിർദ്ദേശം പരിഗണിച്ച് കോഴ്സ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

93 (4724) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി ആരംഭിച്ചത് സംസ്ഥാന സർക്കാരിന്, പ്രത്യേകിച്ച് വകുപ്പുമന്ത്രിക്ക്, ഏറെ അഭിമാനിക്കാവുന്നതാണോ; ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ വി.സി., പി.വി.സി., രജിസ്ട്രാർ ഇൻ ചാർജ്, കൺട്രോളർ ഓഫ് എക്സാംസ് എന്നിവരെ നിയമിച്ചിട്ടുണ്ടോ; ഇവരിൽ ആരെല്ലാം ചുമതലയെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;